# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2301 **23.01.2014**- ലെ മറുപടിക്ക്

**<u>സഹകരണ മേഖലയിലെ ഫണ്ട് സ്വകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതിന് നിയന്ത്രണം</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. പി.കെ ബഷീർ<br>ശ്രീ.കെ.എം. ഷാജി<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.വി.എം. ഉമ്മർ മാസ്റ്റർ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിലെ മിച്ച ഫണ്ട് സ്വകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ ? | (എ) പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയവ കേരള സഹകരണ നിയമം , ചട്ടം , രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയിൽ അനുശാസിക്കുംവിധം പരിശോധിച്ച് തീർപ്പ് കല്പിക്കാറുണ്ട്. |
| ബി) സഹകരണ മേഖല അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായി നീങ്ങാതിരിക്കാൻ എന്തൊക്കെ നിയന്ത്രണ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?<br><br>സി) സഹകാരികൾക്ക് ഗുണകരമായി പ്രവർത്തിക്കാൻ ബാധ്യതപ്പെട്ട ഇത്തരം സ്ഥാപനങ്ങൾ സഹകാരികളുടേയും സർക്കാരിൽ നിന്നുള്ളതുമായ പണം ദുർവിനി യോഗം ചെയ്ത്, ഭാരവാഹികൾ സമ്പന്നരായി മാറുന്നത് ഒഴിവാക്കാൻ ആവശ്യമായ കർശന നിയന്ത്രണ നടപടികൾ സ്വീകരിക്കുമോ? | (ബി) യും (സി) യും സഹകരണ മേഖലയിലെ സ്ഥാപനങ്ങൾ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായി നീങ്ങാതിരിക്കാനും സ്ഥാപനങ്ങൾ അവയുടെ ഫണ്ട് ദുർവിനിയോഗം ചെയ്യുന്നത് ഒഴിവാക്കാനും കേരള സഹകരണ നിയമം/ ചട്ടം അനുശാസിക്കുന്ന നടപടിക്രമങ്ങൾ കാലാകാലങ്ങളിൽ കൈക്കൊണ്ട് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 2302 — <u>23.01.2014-ലെ മറുപടിയ്ക്ക്</u>

## <u>നിക്ഷേപ സുരക്ഷാ ഫണ്ട്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, ആർ.സെൽവരാജ്<br>,, ലൂഡി ലൂയിസ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) നിക്ഷേപ സുരക്ഷാ ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;<br><br>(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനങ്ങൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) യും (ബി) യും "കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012" നടപ്പിലാക്കുന്നതിനായി കേരള നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിൽ ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുക എന്നതാണ് നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. ഈ തുക ഒന്നര ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. ഇപ്രകാരം നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് ഒരു കോർപസ്സ് ഫണ്ട് രൂപീകരിക്കുന്നതാണ്. നിക്ഷേപം സ്വീകരിക്കുന്ന വായ്പ സഹകരണ സംഘങ്ങളിലെ ഓരോ 100 രൂപ നിക്ഷേപത്തിനും 10 പൈസ വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ വിഹിതമായി കോർപസ് |